ശ്രീ. കെ. പി. ഗോപാലൻ: എക്സൻസി ടെൻഡർ വിളിച്ചു കൊടുക്കും എന്നു അന്നു പറഞ്ഞില്ല, ഈ സാമ്പത്തിക വർഷം ഉടനുടനേ അതിനെപ്പറ്റി പര്യാലോചിക്കുന്നതാണു് എന്നു മാത്രമേ പറഞ്ഞിരുന്നുള്ളൂ.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: കണ്ണൂർ ഡിസ്ട്രിക്ടിൽ ഇതിനകം എക്സൻസികളെ ക്ഷണിച്ചുകൊണ്ടു് പത്രത്തിൽ പരസ്യപ്പെടുത്തിയിരുന്നതു് ശരിയാണോ?

ശ്രീ. കെ. പി. ഗോപാലൻ: പത്രത്തിൽ അങ്ങനെ അപേക്ഷകരെ ക്ഷണിച്ചിട്ടുണ്ടായിരുന്നു.

SHORT NOTICE QUESTIONS AND ANSWERS

എറണാകുളം തുടങ്ങിയ ജില്ലകളിൽ സിമൻറിനു നേരിട്ട ക്ഷാമം.

* 1598. [12] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം തുടങ്ങിയ ജില്ലകളിൽ സിമൻറിനു വലിയ ക്ഷാമം നേരിട്ടിരിക്കുന്ന വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ടോവൻകുർ സിമൻറ്സിൽ സാധാരണ സ്സിമൻറൽപ്പാദനം താല്ക്കാലികമായി നിറുത്തിവച്ചതാണു് ഈ ക്ഷാമത്തിനു് കാരണമെന്നറിയുന്നതു് ശരിയാണോ;

(സി) അങ്ങനെയാണെങ്കിൽ ഈ സിമൻറ് ക്ഷാമം പരിഹരിക്കാൻ എന്തു നടപടിയെടുക്കുമെന്നു വ്യക്തമാക്കുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) ഉണ്ടു്.

(ബി) ടോവൻകുർ സിമൻറിൽ സാധാരണ സിമൻറൽപ്പാദനം താൽക്കാലികമായി നിറുത്തിവച്ചു എന്നതു് ശരിയാണു്. പകരം ഈ പ്രദേശങ്ങളിൽ ഇൻഡ്യാ സിമൻറിൽ നിന്നും സാധാരണ സിമൻറു വിതരണം ചെയ്യുന്നതിനു ഏർപ്പാടു ചെയ്തിരുന്നു. എന്നാൽ ആ സിമൻറു് റയിൽവേ വാഗണുകളും ആവശ്യാനുസരണം ലഭിക്കാതിരുന്നതുകൊണ്ടു് വിതരണം ചെയ്യുവാനുള്ള നടപടികളും നടത്തുവാൻ കഴിഞ്ഞില്ല. ഇതാണു് സിമൻറു വിതരണം ചെയ്യാതിരുന്നതിനുള്ള കാരണം.

(സി) ആവശ്യമുള്ള റയിൽവേ വാഗണുകളും ലഭിക്കുന്നതിനുവേണ്ട നടപടികളും നടത്തുവാൻ റയിൽവേ അധികൃതന്മാരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. റയിൽവേ വാഗണുകളും കിട്ടിവരുന്ന മുറയ്ക്കു് സിമൻറു് ആവശ്യംപോലെ വിതരണം ചെയ്യുന്നതിനുള്ള നടപടികളും എടുക്കുന്നതാണു്.

ശ്രീ ടി. കെ. രാമകൃഷ്ണൻ: അതു് ലഭിക്കുന്നതുവരെ പുറമെനിന്നും കൂടുതൽ സിമൻറു കിട്ടുന്നതിനുള്ള നടപടികളും എടുക്കുമോ?

ശ്രീ കെ. പി. ഗോപാലൻ: പുറമെ നിന്നും സിമൻറു കിട്ടുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ടു്. തിരുനൽവേലിയിൽ നിന്നും കൂടുതൽ സിമൻറു് ഇറക്കുമതി ചെയ്യുവാൻ ഉള്ള അനുവാദം ഇപ്പോൾ ലഭിച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഭക്ഷ്യധാന്യവിതരണത്തിനു വേണ്ടി റയിൽവേ വാഗണുകൾ കൂടുതലായി ഉപയോഗിക്കപ്പെടുന്നതുകൊണ്ടാണോ ഇപ്പോൾ വാഗണുകൾ കിട്ടാൻ പ്രയാസം വരുന്നതു്?

ശ്രീ. കെ. പി. ഗോപാലൻ: അതു ശരിയാണു്. ഭക്ഷ്യധാന്യങ്ങൾ ടാൻസ്പോർട്ടു ചെയ്യുന്ന കാര്യത്തിനാണു് ഇൻഡ്യാ ഗവണ്മെൻറു് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

മൻഗണന കൊടുത്തിട്ടുള്ളതു്. അതുകൊണ്ടാണു്. ഇക്കാര്യത്തിലേക്കു് ആവശ്യമുള്ള വാഗണുകളും ഇപ്പോൾ കിട്ടാതിരിക്കുന്നതും, എങ്കിലും, കൂടുതൽ വാഗണുകളും കിട്ടാനുള്ള ഏർപ്പാടു് ചെയ്തിട്ടുണ്ടു്.

ശ്രീ. എ. എ. റഹീം: തിരുനൽവേലിയിൽ നിന്നും അല്ലാതെ, മറ്റു സിമൻറു ഫാക്ടറികളിൽ നിന്നും ഇവിടെ സിമൻറു് ഇറക്കുമതി ചെയ്യുന്നതിനു് തടസ്സം വല്ലതുമുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: തിരുനൽവേലിയിൽ നിന്നും മധുക്കര എ. സി. സി. കമ്പനിയിൽനിന്നുമാണു് ഇപ്പോൾ സിമൻറു് ഇറക്കുമതി ചെയ്യുന്നതു്, മറ്റുകമ്പനികളിൽ നിന്നും സിമൻറു ഇറക്കുമതി ചെയ്യേണ്ട കാര്യം തീരുമാനിക്കേണ്ടതു് ഇൻഡ്യാ ഗവണ്മെൻറാണു്.

കടലാക്രമണം.

* 1599. [14.] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ രണ്ടു ദിവസങ്ങൾക്കു മുമ്പു കരുനാഗപ്പള്ളി–കാർത്തികപ്പള്ളി താലൂക്കുകളുടെ തീരദേശമായ ചവറ, ആറാട്ടുപുഴ, പതിയാംകര ഈ സ്ഥലങ്ങളിൽ കടൽ ആക്രമണം ഉണ്ടായതായി ഗവണ്മെൻറിനറിയാമോ;

(ബി) തെങ്ങും, വീടും ഇടിഞ്ഞു നശിച്ചു എന്നു സ്ഥലങ്ങളിലെ താമസക്കാർക്കു് നാശനഷ്ടങ്ങൾ ഉണ്ടായതായി ഗവണ്മെൻറിനു് റിപ്പോർട്ടു് കിട്ടിയിട്ടുണ്ടോ;

(സി) കടൽ ആക്രമണംകൊണ്ടു് വേനരഹിതരായവർക്കു് സത്വരമായ സഹായം ചെയ്യുവാൻ ഗവണ്മെൻറു് നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദു്):

(എ) അറിയാം.

(ബി) ഉണ്ടു്.

(സി) അടിയന്തിരമായ ആശ്വാസ നടപടികളും എടുക്കുന്നതിനു് വേണ്ട നിർദ്ദേശം നൽകീട്ടുണ്ടു്.

ശ്രീ. ആർ. സുഗതൻ: വർഷകാലം ആരംഭിക്കുന്നതിനു മുമ്പു് കരുനാഗപ്പള്ളി–കാർത്തികപ്പള്ളി താലൂക്കുകളിലെ തീരപ്രദേശങ്ങളിൽ കടലാക്രമത്തെ തടയുന്നതിനു് അടിയന്തിര നടപടികളും നടത്തണമെന്നു് അവിടെയുള്ള ജനപ്രതിനിധികളും എത്രയും മാസങ്ങൾക്കു മുമ്പു് ഗവണ്മെൻറിനെ അറിയിച്ചതല്ലെ? എന്നിട്ടും ഇതുവരെ നടപടികളും എടുക്കാതിരിക്കുവാൻ വല്ല കാരണവുമുണ്ടോ?

ശ്രീ. ടി. അബ്ദുൽ മജീദു്: ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്. അതു സംബന്ധിച്ചുള്ള പ്രാരംഭ നടപടികളും തുടങ്ങിക്കഴിഞ്ഞിട്ടുണ്ടു്. നടപടികളും എടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. സുഗതൻ: തീരപ്രദേശങ്ങളിൽ താമസിക്കുന്നവർ മിക്കവാറും മീൻപിടിത്ത ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരായതുകൊണ്ടു് കടലാക്രമണത്തെ കഴിയുന്നതും വേഗത്തിൽ തടഞ്ഞില്ലെങ്കിൽ അവിടെ താമസിക്കുന്ന പാവപ്പെട്ടവരുടെ കുടിലുകളും പോലും ആരുമറിയാതെ നാമാവശേഷമായിപ്പോകുമെന്നുള്ളതിനാൽ കേവലം ഒരു സാധാരണ നടപടി എന്നുള്ളതിൽക്കവിഞ്ഞു് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുമോ?

ശ്രീ. ടി. അബ്ദുൽ മജീദു്: സാധാരണ നടപടി അല്ല, കൂടുതൽ ശ്രദ്ധ ചെലുത്തുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly